പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1818 — 12.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ കുടിവെള്ള സൗകര്യം ഉറപ്പാക്കൽ

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും പൊതുജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുവാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഡിപ്പോകളിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>തിരുവനന്തപുരം സെൻട്രൽ, നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ, ചെങ്ങന്നൂർ, കാട്ടാക്കട, പേരൂർക്കട, പുനലൂർ, വെള്ളനാട്, തൃശ്ശൂർ, കാസർഗോഡ്, ചാലക്കുടി, ഗുരുവായൂർ, മൂവാറ്റുപുഴ, നോർത്ത് പറവൂർ, ആലുവ, ആലപ്പുഴ, തിരുവല്ല എന്നീ സ്ഥലങ്ങളിൽ നിലവിൽ ഈ സംവിധാനം ഉണ്ട്. |
| (ബി) | പ്രസ്തുത സൗകര്യം ഒരുക്കിയിയിട്ടില്ലാത്ത ഡിപ്പോകളിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുവാൻ സന്നദ്ധരായ ഏതെങ്കിലും സ്പോൺസർമാരെ കണ്ടെത്തുകയോ, കഴിയാത്തപക്ഷം അതിനുള്ള സൗകര്യം ഒരുക്കിത്തരുവാൻ വാട്ടർ അതോറിട്ടിയോട് ആവശ്യപ്പെടുകയോ ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കാമോ; | (ബി) | ടി പ്രവൃത്തി ചെയ്യുന്നതിന് സന്നദ്ധരായ സ്പോൺസർമാരെ കണ്ടെത്തുകയോ, അല്ലാത്ത പക്ഷം എം.പി / എം.എൽ.എ ഫണ്ട് വഴി സൗകര്യം ഒരുക്കാൻ കഴിയുമോ എന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്. |
| (സി) | പൊതുജനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കുന്ന കുടിവെള്ളം പ്രസ്തുത സ്റ്റേഷനുകളിൽ കട നടത്തുന്നവർ അവരുടെ ആവശ്യത്തിനായി ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കുവാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ ;വ്യക്തമാക്കുമോ? | (സി) | ആവശ്യമായ മുൻകരുതലുകൾ സ്വീകരിയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ